Website : www.keralapsc.gov.in
E mail : dotsr.psc@kerala.gov.in

Phone : 0487 2327505

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ്, തൃശ്ശൂർ

നമ്പർ :RII(1)4001/99

സ്ഥലം : തൃശ്ശൂർ
തീയതി : 20.02.2023

## ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസിലെ ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിലേക്കായി 2 എയർകണ്ടീഷണർ - 2 Tonne (Inverter Split AC), 2 സ്റ്റെബിലൈസർ എന്നിവ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ "എയർകണ്ടീഷണർ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേൽക്കുറിപ്പോടെ 'ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ഓഫീസ്, തൃശ്ശൂർ - 20' എന്ന വിലാസത്തിൽ 01.03.2023 തിയ്യതി 01.00 P.M മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 03.00 P.M മണിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ക്വട്ടേഷൻ നൽകിയവരുടേയും അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ആളുകൾ ഹാജരായാൽ അവരുടേയും സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഫിറ്റിംഗ് ചാർജ്, ജി.എസ്.ടി എന്നിവ ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷൻ തുകയായി രേഖപ്പെടുത്തേണ്ടത്.

ക്വട്ടേഷൻ അംഗീകരിക്കപ്പെട്ടു കഴിഞ്ഞാൽ നിശ്ചയിക്കപ്പെടുന്ന തിയ്യതിക്ക് പ്രസ്തുത എയർ കണ്ടീഷണർ സ്ഥാപിക്കേണ്ടതാണ്. എയർകണ്ടീഷണർ സ്ഥാപിച്ച ശേഷം തുക ട്രഷറി മുഖാന്തിരം അക്കൗണ്ടിലേക്ക് മാറി നൽകുന്നതായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ ഓഫീസറിൽ നിക്ഷിപ്തമാണ്. വിശദ വിവരങ്ങൾക്ക് ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ഓഫീസ്, തൃശ്ശൂർ എന്ന വിലാസത്തിൽ പ്രവർത്തി സമയത്ത് ബന്ധപ്പെടാവുന്നതാണ്. ഫോൺ : 0487-2327505.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, തൃശ്ശൂർ.

പകർപ്പ്:- 1) പബ്ലിക് റിലേൻസ് ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
2) നോട്ടീസ് ബോർഡ്
3) വെബ്സൈറ്റ്
4) കരുതൽ ശേഖരം